(ബി) കേസ്സുകൾ പിൻവലിക്കുന്നതിൽ സർക്കാർ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) രാഷ്ട്രീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ടോ രാഷ്ട്രീയ പ്രവർത്തകർ പ്രതികളായിട്ടുള്ളതോ ആയ എത്ര കേസ്സുകൾ പ്രസ്തുത കാലയളവിൽ പിൻവലിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്രകേസ്സുകളാണ് ഈ കാലയളവിൽ പിൻവലിച്ചത് എന്നും പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1435 കേസ്സുകൾ കോടതികളിൽനിന്നും പിൻവലിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.*

(ബി) പൊതുജനവിരുദ്ധമായിട്ടുള്ളതും പോലീസിനെതിരെയുള്ള ആക്രമണം, പൊതുജനങ്ങൾക്കുനേരെ ആക്രമണം, പതിനായിരം രൂപയ്ക്കുമേൽ പൊതുമുതൽ നാശനഷ്ടം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് ഉത്തമബോദ്ധ്യമുള്ള കേസ്സുകൾ പിൻവലിക്കുന്നതിന് അനുമതി നൽകാറില്ല. ഒരു പ്രോസിക്യൂഷൻ കേസ് പിൻവലിക്കാൻ തീരുമാനിച്ചാൽ അതുമായി ബന്ധപ്പെട്ട കൗണ്ടർ കേസ്സുകൾ പിൻവലിക്കുന്നതാണ്. കേസ് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാപോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നത്.

(സി) 839 കേസ്സുകൾ കോടതിയിൽനിന്നും പിൻവലിച്ചു. ജില്ലതിരിച്ചുള്ള വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ഡി) 250 കേസ്സുകൾ പിൻവലിച്ചു. ജില്ലതിരിച്ചുള്ള വിവരം അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്തെ അന്യസംസ്ഥാനക്കാർ

209 (3031) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഔദ്യോഗിക കണക്കുകൾപ്രകാരം സംസ്ഥാനത്ത് എത്ര അന്യ സംസ്ഥാനക്കാരായ ആളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെത്തിയിട്ടുള്ള അന്യ സംസ്ഥാനക്കാരിൽ എത്ര ആളുകൾ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുണ്ടെന്നു ജില്ലതിരിച്ചു വ്യക്തമാക്കുമോ ;

(സി) അന്യ സംസ്ഥാനക്കാരുടെ കണക്കെടുക്കുന്നതിൽ എന്തു മാനദണ്ഡമാണ് സംസ്ഥാനത്ത് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അവരവരുടെ നാടുകളിൽത്തന്നെ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളവർ സംസ്ഥാനത്ത് എത്തുന്നത് തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,49,285 അന്യസംസ്ഥാനക്കാർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2600 പേർ ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അന്യസംസ്ഥാനക്കാരായ ആളുകൾ താമസിക്കുന്ന സ്ഥലത്തെത്തിയും അവരെ ജോലിക്ക് നിയോഗിക്കുന്ന കോൺട്രാക്ടർമാരോട് അന്യസംസ്ഥാന ആളുകളെ സംബന്ധിച്ച് വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിനും ആയതിന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) അന്യസംസ്ഥാനക്കാരായ ആളുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നതും അവർ ഇതിനുമുമ്പ് കേസ്സുകളിലോ മറ്റോ ഉൾപ്പെട്ടിട്ടുണ്ടോയെന്നും മറ്റുള്ള വിവരങ്ങൾ, പേരുവിവരം രേഖപ്പെടുത്തുവാൻ പോലീസ് സ്റ്റേഷനിലെത്തുന്ന സമയത്ത് ടിയാന്മാരുടെ ഹോം സ്റ്റേഷനിലെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുമുള്ള നിർദ്ദേശം നൽകിവരുന്നുണ്ട്.

പിൻവലിച്ച കേസ്സുകൾ

210 (3032) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly